REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 17-08-2024** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- ആഗോള ദക്ഷിണ രാജ്യങ്ങൾ ഒരേ ശബ്ദത്തോടെ ഒറ്റക്കെട്ടായി നിലകൊള്ളണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- ഡോക്ടർമാരുടെ പ്രതിഷേധ സമരത്തെ തുടർന്ന് സംസ്ഥാനത്തെ ഗവൺമെന്റ്- സ്വകാര്യ ആശുപത്രികളിലും O.P അടക്കം ആരോഗ്യ സേവനങ്ങൾ തടസ്സപ്പെട്ടു.
- വയനാട്ടിൽ ഉരുൾപൊട്ടൽ ബാധിത മേഖലകളിലെ വിദ്യാർഥികൾക്കായി ഒരു മാസത്തിനകം സ്കൂളുകളുടെ പ്രവർത്തനം തുടങ്ങുമെന്ന് മന്ത്രി V.ശിവൻകുട്ടി.
- ഇന്ന് ചിങ്ങം ഒന്ന്. കേരളീയർക്ക് മുഖ്യമന്ത്രി പിണറായി വിജയൻ കർഷക ദിനാശംസകൾ നേർന്നു.
- സംസ്ഥാനതല കർഷകദിന ഉദ്ഘാടനവും കർഷക അവാർഡ് വിതരണവും വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

## വാർത്തകൾ വിശദമായി

ആഗോള ദക്ഷിണ രാജ്യങ്ങൾ ഒരേ ശബ്ദത്തോടെ ഒറ്റക്കെട്ടായി നിലകൊള്ളണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആഹ്വാനം ചെയ്തു. ഗ്ലോബൽ സൗത്ത് രാജ്യങ്ങളുമായി സഹകരിക്കുമെന്ന ഇന്ത്യയുടെ ദൃഢനിശ്ചയം മൂന്നാമത് ഗ്ലോബൽ സൗത്ത് ഉച്ചകോടിയെ വെർച്വലായി അഭിസംബോധന ചെയ്യവെ അദ്ദേഹം വ്യക്തമാക്കി. വ്യാപാരം, സമഗ്രവും സുസ്ഥിരവുമായ വികസനം, സ്ത്രീ കേന്ദ്രീകൃത വികസനം എന്നിവയിലെ പ്രതിബദ്ധതയും അദ്ദേഹം എടുത്തു പറഞ്ഞു. ഡിജിറ്റൽ അടിസ്ഥാ മേഖലയിലെ വളർച്ച ഉറപ്പാക്കാൻ ഇന്ത്യയുടെ G-20 അധ്യക്ഷ

കാലയളവിൽ സാമൂഹ്യനിധി സ്വരൂപിച്ച സാഹചര്യം പ്രധാനമന്ത്രി ഓർമ്മിപ്പിച്ചു.

അനിശ്ചിതത്വത്തിന്റെയും വെല്ലുവിളിയുടെയും വർത്തമാനകാല ആഗോള സാഹചര്യത്തിൽ ആശങ്കയറിയിച്ച പ്രധാനമന്ത്രി, ഇപ്പോഴും പല രാജ്യങ്ങളും കോവിഡ് ആഘാതത്തിൽ നിന്നും പൂർണമായി മോചനം പ്രാപിച്ചിട്ടില്ലെന്ന് വിലയിരുത്തി. ചിലയിടങ്ങളിലെ യുദ്ധസാഹചര്യം, ദക്ഷിണ മേഖലാ രാജ്യങ്ങളുടെ വളർച്ചായാത്രയെ സങ്കീർണമാക്കിയിരിക്കുകയാണെന്നും നരേന്ദ്രമോദി അഭിപ്രായപ്പെട്ടു.

✪✪✪

ഉത്തർപ്രദേശിലെ കാൺപൂർ ജില്ലയിൽ സബർമതി എക്സ്പ്രസ് പാസഞ്ചർ ട്രെയിനിന്റെ 20 കോച്ചുകൾ പാളം തെറ്റി. കാൺപൂർ റെയിൽവേ സ്റ്റേഷന് സമീപം ഇന്ന് പുലർച്ചെയായിരുന്നു അപകടം. ആളപായമില്ല.

സബർമതി എക്സ്പ്രസിന്റെ എൻജിനു മുന്നിൽ അജ്ഞാത വസ്തുവിൽ ഇടിച്ച അടയാളം കണ്ടെത്തിയതായി റെയിൽവെ മന്ത്രി അശ്വനിവൈഷ്ണവ് അറിയിച്ചു. ട്രാക്കിൽ സ്ഥാപിച്ച തടസ്സത്തിൽ ഇടിച്ച് ട്രെയിൻ പാളം തെറ്റിയതാകാമെന്നും കേന്ദ്രമന്ത്രി എക്സ് പോസ്റ്റിൽ കുറിച്ചു.

✪✪✪

BJP ദേശീയ നേതാക്കളുടെ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. പാർട്ടി ദേശീയ അധ്യക്ഷൻ J.P നദ്ദയുടെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ, വരാനിരിക്കുന്ന നിയമസഭ തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ, സംഘടനാ തിരഞ്ഞെടുപ്പ് എന്നിവ ചർച്ചാ വിഷയമാകും.

✪✪✪

ഡോക്ടർമാരുടെ പ്രതിഷേധ സമരത്തെ തുടർന്ന് സംസ്ഥാനത്തെ ഗവൺമെന്റ്- സ്വകാര്യ ആശുപത്രികളിലും O.P അടക്കം ആരോഗ്യ സേവനങ്ങൾ തടസ്സപ്പെട്ടു. അടിയന്തര ശസ്ത്രക്രിയകൾ മാത്രമാണ് ഇന്ന് ആശുപത്രികളിൽ നടത്തുകയെന്ന് ഡോക്ടർമാരുടെ സംഘടനകൾ അറിയിച്ചു. നഴ്സുമാരുടെ സംഘടനകളും പ്രതിഷേധത്തെ പിന്തുണയ്ക്കുന്നുണ്ട്. ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ആഹ്വാനപ്രകാരമാണ് ഡോക്ടർമാർ ഇന്ന് ദേശീയതലത്തിൽ പ്രതിഷേധസമരം സംഘടിപ്പിക്കുന്നത്.

കൊൽക്കത്തയിലെ ആശുപത്രിയിൽ ഡ്യൂട്ടിയിലിരിക്കെ യുവ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയതിൽ പ്രതിഷേധിച്ചാണ് സമരം.

✪✪✪

മലയാള സിനിമാമേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ സംബന്ധിച്ച ഹേമ കമ്മിറ്റി റിപ്പോർട്ട് ഇന്ന് പരസ്യപ്പെടുത്തിയില്ല. നടി രഞ്ജിനി ഹർജിയുമായി ഹൈക്കോടതിയെ സമീപിച്ച സാഹചര്യത്തിലാണ് തീരുമാനം. തിങ്കളാഴ്ച ഹർജിയിൽ ഹൈക്കോടതിയുടെ നിലപാടനനുസരിച്ച് തുടർനടപടിയെടു ക്കാനാണ് തീരുമാനം.

✪✪✪

വയനാട്ടിൽ ഉരുൾപൊട്ടൽ ബാധിത മേഖലകളിലെ വിദ്യാർഥികൾക്കായി ഒരു മാസത്തിനകം സ്കൂളുകളുടെ പ്രവർത്തനം തുടങ്ങുമെന്ന് മന്ത്രി V.ശിവൻകുട്ടി കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. മേപ്പാടി സ്കൂളിൽ അധിക സൗകര്യം ഏർപ്പെടുത്തും.16 പുതിയ ക്ലാസുകൾക്ക് സ്കൂളിൽ സൗകര്യം ഒരുക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

ചുരൽ മലയിൽ സമഗ്ര പുനരധിവാസമായിരിക്കും നടപ്പാക്കുകയെന്ന് മന്ത്രി K.രാജൻ പറഞ്ഞു. കേരളം ഒരേ മനസ്സോടെ ഒറ്റക്കെട്ടായി വയനാടിനൊപ്പമുണ്ടാകും. ഇനിയത്തെ ദിവസങ്ങൾ തിരിച്ചു പിടിക്കലിന്റേതാണെന്നും, ദുരന്തത്തിനിരയായവർക്ക് കഴിയാവുന്നതെല്ലാം തിരിച്ചു നൽകുമെന്നും മന്ത്രി പറഞ്ഞു.

കാലിക്കറ്റ് സർവ്വകലാശാലയിൽ C.അച്ചുതമേനോൻ ചെയർ ഉദ്ഘാടന ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു മന്ത്രി.

✪✪✪

വയനാട്ടിലെ പ്രകൃതി ക്ഷോഭത്തിൽ വീടു നഷ്ടപ്പെട്ടവർക്ക് 25 വീടുകൾ നിർമ്മിച്ചുനൽകാൻ ഫണ്ട് സ്വരൂപിക്കുന്നതിനായി കണ്ണൂർ ജില്ലയിലെ സ്വകാര്യ ബസുകൾ ഇന്ന് കാരുണ്യ യാത്ര നടത്തുകയാണ്. ഈ മാസം 22 ന് മുൻപ് എല്ലാ ജില്ലകളിലെയും സ്വകാര്യ ബസുകൾ കാരുണ്യ യാത്രയിലൂടെ തുക ശേഖരിക്കാനാണ് സംസ്ഥാന ഫെഡറേഷൻ

**നിർദ്ദേശിച്ചിരിക്കുന്നത്. കണ്ണൂർ പുതിയ ബസ് സ്റ്റാൻഡിൽ കോർപറേഷൻ മേയർ മുസ്ലിഹ് മഠത്തിൽ യാത്ര ഫ്ളാഗ് ഓഫ് ചെയ്തു.**

✪✪✪

**KSRTC യ്ക്ക് സംസ്ഥാന ഗവൺമെന്റ് 91 കോടി 53 ലക്ഷം രൂപ കൂടി അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. ഇതിൽ 71 കോടി 53 ലക്ഷം രൂപ പെൻഷൻ വിതരണത്തിന് കോർപറേഷനെടുത്ത വായ്പ തിരിച്ചടയ്ക്കാനാണ് നൽകിയത്. 20 കോടി രൂപ കോർപറേഷൻ സഹായമായും നല്കും. ശമ്പളവും പെൻഷനും വിതരണം ചെയ്യാൻ ഈ മാസമാദ്യം 30 കോടി രൂപ അനുവദിച്ചിരുന്നു.**

✪✪✪

**കഴിഞ്ഞ സാമ്പത്തികവർഷം ഇന്ത്യയുടെ വളർച്ച പ്രതീക്ഷിച്ചതിലും കൂടുതലാണെന്ന് അന്താരാഷ്ട്ര നാണ്യനിധി ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ഡോ. ഗീതാഗോപിനാഥ് അറിയിച്ചു. 2027 ഓടെ ഇന്ത്യ ലോകത്തെ മൂന്നാം സാമ്പത്തികശക്തിയായി മാറുമെന്നും അവർ പറഞ്ഞു.**

✪✪✪

**ഇന്ന് ചിങ്ങം ഒന്ന്. മലയാളികൾക്ക് പുതിയ ആണ്ട് പിറവി. കൊല്ലവർഷം 1200-ന് ആരംഭം കുറിക്കുന്ന ചിങ്ങം ഒന്ന് കേരളത്തിൽ കർഷക ദിനം കൂടിയാണ്.**

**മലയാളികൾക്ക് ചിങ്ങം ഒന്ന് പുതുവർഷാരംഭമാണ്. കർക്കിടകത്തിന്റെ ദുരിതപെയ്ത്ത് മാറി ഐശ്വര്യത്തിന്റെയും സമ്പൽസമൃദ്ധിയുടേയും മാസമായാണ് ചിങ്ങത്തെ കണക്കാക്കുന്നത്.**

✪✪✪

**കേരളീയർക്ക് മുഖ്യമന്ത്രി പിണറായി വിജയൻ കർഷക ദിനാശംസകൾ നേർന്നു. കാർഷിക സംസ്കാരത്തെപ്പറ്റി ഓർമ്മകൾ പങ്കുവെയ്ക്കാനും മേഖലയുടെ അഭിവൃദ്ധിയ്ക്കാവശ്യമായ ഇടപെടലുകളെക്കുറിച്ച് സംവദിക്കാനും ദിനാഘോഷം അവസരം നൽകുന്നതായി മുഖ്യമന്ത്രി പറഞ്ഞു.**

✪✪✪

**സംസ്ഥാനത്ത് കാർഷിക മൂല്യ വർദ്ധനയും വിപണനവും ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ട് രൂപീകരിച്ച കാബ്കോ യുടെ നേതൃത്വത്തിൽ നിർമ്മിക്കുന്ന എക്സ്പോ സെന്ററിനും,**

അഗ്രിപാർക്കിനും മന്ത്രി P പ്രസാദ് തിരുവനന്തപുരം ആനയറയിൽ തറക്കല്ലിട്ടു. നിർമ്മാണ പ്രവർത്തനങ്ങൾക്കും അദ്ദേഹം തുടക്കം കുറിച്ചു.

✪✪✪

സംസ്ഥാനതല കർഷകദിന ഉദ്ഘാടനവും കഴിഞ്ഞ വർഷത്തെ കർഷക അവാർഡ് വിതരണവും വൈകിട്ട് നിയമസഭ കോംപ്ലക്സിലെ ആർ ശങ്കരനാരായണൻ തമ്പി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

കാർഷിക സേവനങ്ങൾക്കു കൃഷിവകുപ്പിന്റെ ഏകജാലക സംവിധാനമായ കതിർ ആപ്പും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. മന്ത്രി P.പ്രസാദ് അധ്യക്ഷനാകും. അനുഭവം, നവോത്ഥാൻ, വെളിച്ചം പദ്ധതികളുടെ പ്രഖ്യാപനവും ചടങ്ങിൽ നടക്കും.

കർഷകർക്ക് എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കുന്ന സംയോജിത സംവിധാനമാണ് കതിർ വെബ് പോർട്ടലും മൊബൈൽ ആപ്പും.

സംസ്ഥാനത്തെ കൃഷിഭവനുകളുടെ സേവനം മെച്ചപ്പെടുത്തുവാൻ ലക്ഷ്യമിട്ട് കൃഷിവകുപ്പ് തയ്യാറാക്കിയ നൂതന സംരംഭമാണ് 'അനുഭവം. കൃഷിക്ക് അനുയോജ്യമായ ഭൂമി വിട്ടു നൽകുവാൻ താല്പര്യമുള്ളവരിൽ നിന്നും അവ കണ്ടെത്തി, അവിടെ കൃഷി ചെയ്യാൻ താല്പര്യമുള്ള വ്യക്തികൾക്കും/ഗ്രൂപ്പുകൾക്കും ഗവൺമെന്റ് ഇടപെടലിൽ ഭൂമി ലഭ്യമാക്കുന്ന പദ്ധതിയാണ് നവോത്ഥാൻ. വിവിധ കാർഷിക പദ്ധതികളും പ്രവർത്തനങ്ങളും കൂടുതൽ ജനകീയവും സുതാര്യവുമാക്കാനും പൊതുജനങ്ങൾക്ക് ലൈവായി കാണുവാനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്നതാണ് 'വെളിച്ചം പദ്ധതി.

✪✪✪

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വടക്കൻ മേഖലാ ഫയൽ അദാലത്ത് കോഴിക്കോട് നടക്കാവ് GVHSS മന്ത്രി V ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ മന്ത്രി P.A മുഹമ്മദ് റിയാസ് അധ്യക്ഷനായിരുന്നു. 1,780 അപേക്ഷകളാണ് അദാലത്തിൽ ലഭിച്ചത്.

കോഴിക്കോട് ജില്ലയിൽ നിന്നും 758 പരാതികൾ ലഭിച്ചു. വയനാട് 145, മലപ്പുറം 398 , കണ്ണൂർ 376, കാസർഗോഡ് 103 എന്നിങ്ങനെയാണ് അപേക്ഷകളുടെ എണ്ണം. പരമാവധി അപേക്ഷകൾ അദാലത്തിൽ തീർപ്പാക്കും. ശേഷിക്കുന്നവ ഡയറക്ടറേറ്റിന് കൈമാറും.

✪✪✪

ഗുസ്തിതാരം വിനേഷ് ഫോഗട്ടിന് ന്യൂഡൽഹി വിമാനത്താവളത്തിൽ വൈകാരിക വരവേല്പ്പ് നൽകി. സാക്ഷിമാലിക്കും ബജ്-റംഗ് പുനിയയുമുൾപ്പെടെ താരങ്ങൾ വിനേഷിനെ സ്വീകരിക്കാനെത്തി.

✪✪✪

ഡ്യൂറൻഡ് കപ്പ് ഫുട്ബോളിൽ ഇന്ന് FC ഗോവ- ഷില്ലോങ് ലജോങ് FC യുമായി ഏറ്റുമുട്ടും. കൊൽക്കത്ത ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി ഏഴിനാണ് മത്സരം.

ഇന്നലെ നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, ഒഡീഷ FC യെ തോൽപ്പിച്ചു.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിന്റെ 'സൂപ്പർ പാസ് കേരള കാമ്പയിൻ' ഇന്ന് തുടങ്ങും. 1000 കിലോമീറ്റർ ഫുട്ബോൾ പാസ് റിലേ, കാഞ്ഞങ്ങാട്ടു നിന്ന് ആരംഭിച്ച് സെപ്തംബർ ഏഴിന് കൊച്ചിയിലെത്തും.

✪✪✪

വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി സമരം ചെയ്യുന്നവരെ അടിച്ചമർത്തുന്ന പോലീസ് നയം തിരുത്താൻ മുഖ്യമന്ത്രി തയ്യാറാകണമെന്ന് KPCC പ്രസിഡന്റ് K.സുധാകരൻ കായംകുളത്ത് ആവശ്യപ്പെട്ടു. നാട്ടിലെ ക്രമസമാധാനം തകർത്ത് ജനങ്ങളുടെ സ്വൈര്യജീവിതം തകർക്കുന്ന തരത്തിൽ പൊലീസ് പെരുമാറുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

പോലീസ് അതിക്രമം നേരിട്ട യൂത്ത് കോൺഗ്രസ് പ്രവർത്തകരുടെ വീടുകൾ സന്ദർശിച്ച് ശേഷം സംസാരിക്കുകയായിരുന്നു സുധാകരൻ.

✪✪✪

കണ്ണൂർ രൂപതയുടെ സഹായ മെത്രാനായി മോൺ. ഡോ. ഡെന്നിസ് കുറുപ്പശ്ശേരിയെ നിയമിച്ചു. ഫ്രാൻസിസ് മാർപാപ്പയാണ് നിയമനം നടത്തിയത്. മെത്രാഭിഷേക തീയതി പിന്നീട് തീരുമാനിക്കും. എറണാകുളം ജില്ലയിലെ പള്ളിപ്പുറം മഞ്ഞുമതാ ഇടവകക്കാരനാണ് കുറുപ്പശ്ശേരി.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. പത്തനംതിട്ട ജില്ലയിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. തൃശൂർ, പാലക്കാട്, മലപ്പുറം, കാസർകോട് ഒഴികെ ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു.

കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെ മണിക്കൂറിൽ 45 മുതൽ 55 വരെ കിലോമീറ്റർ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

മുതലപ്പൊഴിയിൽ ഇന്ന് പുലർച്ചെ വള്ളം മറിഞ്ഞ് ഒരാളെ കാണാതായി. അഴിമുഖത്തെ ശക്തമായ തിരയിൽപ്പെട്ടാണ് മത്സ്യബന്ധനം കഴിഞ്ഞ് മടങ്ങിവന്ന വള്ളം മറിഞ്ഞത്. വള്ളത്തിലുണ്ടായിരുന്ന നാല് തൊഴിലാളികൾ മൂന്ന് പേരെ രക്ഷപ്പെടുത്തി. ബെന്ഡിറ്റ് എന്ന തൊഴിലാളിയെയാണ് കാണാതായത്.

മത്സ്യതൊഴിലാളികളും കോസ്റ്റൽ പോലീസും തെരച്ചിൽ തുടരുകയാണ്.

✪✪✪

ചിങ്ങപുലരിയിൽ ക്ഷേത്ര ദർശനത്തിന് പോയ സ്ത്രീകൾ സഞ്ചരിച്ച ഓട്ടോറിക്ഷയിൽ കാർ ഇടിച്ച് വീട്ടമ്മ മരിച്ചു. കരുവാറ്റ താമല്ലാക്കൽ കളഭം വീട്ടിൽ ലതയാണ് മരിച്ചത്.

✪✪✪

സ്വർണവിലയിൽ വൻ കുതിപ്പ്. പവന് ഇന്ന് 840 രൂപ കൂടി 53,360 രൂപയായി - ഗ്രാമിന് 105 രൂപ കൂടി - 6,670 രൂപയായി.

✪✪✪